**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 408** **30-01-2024 - ൽ മറുപടിയ്ക്ക്**

**ചലഞ്ച് ഫണ്ട് മുഖേനയുള്ള കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ചലഞ്ച് ഫണ്ട് സൗകര്യം ഏതൊക്കെ സ്കൂളുകളിൽ ലഭിച്ചിട്ടുണ്ടെന്ന് പറയാമോ; | (എ) | **നാദാപുരം മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് സൗകര്യത്തിനായി ദേവർ കോവിൽ വെസ്റ്റ് എൽ.പി. സ്കൂളിന് 10 ലക്ഷം രൂപ അനുവദിച്ച ഉത്തരവായിട്ടുണ്ട്.** |
| (ബി) | കുന്നുമ്മൽ സബ് ജില്ലയിലെ ദേവർ കോവിൽ വെസ്റ്റ് എൽ.പി. സ്കൂളിന് ചലഞ്ച് ഫണ്ട് പ്രകാരം ബിൽഡിംഗ് നിർമ്മാണം പൂർത്തീകരിച്ചിട്ടും ഫണ്ട് ലഭ്യമാക്കാനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ? | (ബി) | ദേവർ കോവിൽ വെസ്റ്റ് എൽ.പി. സ്കൂളിന് 10 ലക്ഷം രൂപ ചലഞ്ച് ഫണ്ടിൽ അനുവദിച്ച് ഉത്തരവായിരുന്നുവെങ്കിലും സ്കൂൾ പ്രധാനാധ്യാപിക 16/11/2021 നാണ് കമ്പ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നത്. ടി സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ സാമ്പത്തിക വർഷം കഴിഞ്ഞു പോയിരുന്നതിനാൽ അനുവദിച്ച ചലഞ്ച് ഫണ്ട് തുക നഷ്ടപ്പെടാതിരിക്കാൻ ടി തുക വിദ്യാഭ്യാസ ഉപഡയറക്ടറുടെ ടി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. പ്രസ്തുത തുക പിൻവലിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുള്ള **നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ